**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1801** **08/06/2018 ൽ** മറുപടിക്ക്

# അനധികൃത പാർക്കിംഗ് ഫീസ് പിരിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം നഗരത്തിലെ വൻകിട വ്യാപാര സ്ഥാപനങ്ങളും, ആശുപത്രികളും അനധികൃതമായി പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തിരുവനന്തപുരം നഗരത്തിലെ വൻകിട വ്യാപാര സ്ഥാപനങ്ങളും, ആശുപത്രികളും അനധികൃതമായി പാർക്കിംഗ് ഫീസ് പിരിക്കുന്നതായി നാളിതുവരെ പരാതി ലഭിച്ചിട്ടില്ല. |
| ബി) | കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 475-ാം വകുപ്പ് പ്രകാരം സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ അനുമതിയുണ്ടോ ; | ബി) & സി) കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 475-ാം വകുപ്പ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകാറുണ്ട്.ലൈസൻസിനു വിരുദ്ധമായിട്ടോ ലൈസൻസ് കൂടാതെയോ ഏതെങ്കിലും സ്വകാര്യ സ്ഥാപനം പാർക്കിംഗ് ഫീസ് പിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ഇല്ലെങ്കിൽ അനധികൃത പാർക്കിംഗ് ഫീസ് പിരിക്കുന്നത് അവസാനിപ്പിക്കുവാൻ കർശന നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ